പതിനാലാം കേരള നിയമസഭ
പതിനാൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 518 — 03.03.2020-ലെ മറുപടിയ്ക്ക്

## എല്ലാ ജില്ലയിലും മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | പതിനാല് ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുമെന്ന 2016-17 ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ), (ബി) & (സി) | 2016-17 ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പതിനാല് ജില്ലകളിലും ഓരോ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന്റെ ഭാഗമായി 11 ജില്ലകളിലെ പദ്ധതികളുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 20.02.2020 വരെ ആകെ 383.49 കോടി രൂപയുടെ കിഫ്ബി അംഗീകാരം ലഭിക്കുകയും ആയതിൽ 11.66 കോടി രൂപ ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിച്ച 9 പദ്ധതികളിൽ 4 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും 5 പദ്ധതികൾ ടെണ്ടറിംഗിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. പതിനാല് ജില്ല സ്റ്റേഡിയങ്ങളിൽ കിഫ്ബിയിൽ സമർപ്പിക്കാനുള്ള മൂന്ന് പദ്ധതികളിൽ ഒരെണ്ണത്തിന്റെ ഡി.പി.ആർ, എസ്.പി.വി ആയ കിറ്റ്കോ തയ്യാറാക്കി വരികയാണ്. 2 പദ്ധതികൾ സ്ഥല സംബന്ധമായ തടസ്സങ്ങൾ നേരിടുന്നവയാണ്. 14 പദ്ധതികളുടെയും വിശദാംശങ്ങൾ **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി കിഫ്ബിയിൽ നിന്നും എന്ത് തുക അനുവദിച്ചുവെന്നും 20.2.2020 വരെ എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | | |
| (സി) | നിലവിൽ എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും ശേഷിക്കുന്നവയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**കിഫ്ബി സഹായത്തോടെ നിർമ്മിക്കുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ**

| നം | ജില്ല | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | കിഫ്ബി അംഗീകരിച്ച തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| **I-ജില്ലാ സ്റ്റേഡിയം (14 എണ്ണം)** | | | | | |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | 34.26 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 30% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | കൊല്ലം | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 | 42.72 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| 3 | പത്തനംതിട്ട | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 | - | പദ്ധതിക്കായി പരിഗണിച്ചിരുന്ന പത്തനംതിട്ട മുനിസിപ്പൽ സ്റ്റേഡിയം ലഭ്യമാകാത്തതിനാൽ പദ്ധതി കോന്നി മണ്ഡലത്തിൽ ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിനാവശ്യ മായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 4 | ആലപ്പുഴ | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | 41.47 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 18% പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | കോട്ടയം | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | - | ചിങ്ങവനത്ത് നിർദ്ദിഷ്ഠ പദ്ധതി പ്രദേശം കായിക യുവജനകാര്യാലയത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു. |
| 6 | ഇടുക്കി | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 | 33.779 | പുതുക്കിയ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്തിട്ടുണ്ട്. |
| 7 | എറണാകുളം | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | 32.55 | ടെണ്ടർ നടപടികൾ പൂർത്തിയായി. ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതായിരിക്കും. |
| 8 | തൃശ്ശൂർ | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | 56.01 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| 9 | പാലക്കാട് | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 | - | നിലവിൽ സ്ഥലം ലഭ്യമായിട്ടില്ല |
| 10 | മലപ്പുറം | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | 35.48 | [illegible] |
| 11 | കോഴിക്കോട് | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | - | 04.02.2020ന് കായിക യുവജനകാര്യ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത സ്റ്റേഡിയം ചക്കിട്ടപ്പാറയിൽ ലഭ്യമായ സ്ഥലത്ത് നിർമ്മിക്കുന്നതിനായുള്ള സാധ്യതാ പരിശോധന നടത്തുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| 12 | വയനാട് | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | 36.88 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 32% പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | കണ്ണൂർ | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | 41.02 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| 14 | കാസർഗോഡ് | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി ലഭിച്ചിട്ടുണ്ട് എന്നാൽ തുക വ്യക്തമാക്കിയിട്ടില്ല | 29.322 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |

SO